**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 81

28.06.2016 ൽ മറുപടിയ്ക്ക്

**കുലശേഖരപുരം വില്ലേജിൽ നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച നടന്ന സംഘർഷം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ കുലശേഖരപുരം വില്ലേജിൽ നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച നടന്ന സംഘർഷത്തെ തുടർന്ന് കൃഷ്ണപിള്ള എന്നയാൾ മരിക്കാനിടയായ സംഭവത്തിലെ മുഴുവൻ പ്രതികളേയും അറസ്റ്റു ചെയ്തിട്ടുണ്ടോ; | (എ) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിൽ കണ്ണൻ S/o അശോകൻ എന്നയാൾ മാത്രമാണ് പ്രതി. ടിയാനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ട് ; | (ബി) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1607/16 u/s 324, 308 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടി കേസിൽ കൃഷ്ണപിള്ള എന്നയാൾ മരിക്കാൻ ഇടയായത് ടിയാന് കരൾ സംബന്ധമായ അസുഖമുള്ളതിനാലാണെന്ന് വെളിവായിട്ടുണ്ട്. |
| (സി) കേസിന്റെ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിന് കാലതാമസമുണ്ടാകുമോ; | (സി) ഇല്ല |
| (ഡി) എത്രയുംവേഗം അന്വേഷണം പൂർത്തീകരിച്ച് കോടതിയിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**